# കേരള സർവകലാശാല

നം. പി.ആർ.105/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.വോക് ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് (2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനും മേയ് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി ഫലം

മാർച്ചിൽ നടന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷാ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണയത്തിനും മേയ് 28 വരെ അപേക്ഷിക്കാം.

## ഓൺലൈൻ രജിസ്ട്രേഷൻ

കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ മേയ് 28-ന് ആരംഭിക്കുന്ന കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് (2013 സ്കീം-റഗുലർ-2017 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി-2016 അഡ്മിഷൻ) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ മേയ് 10-ന് ആരംഭിക്കും. പിഴകൂടാതെ മേയ് 16, 50 രൂപ പിഴയോടെ മേയ് 18, 125 രൂപ പിഴയോടെ മേയ് 22 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ, എം.എസ്സി മേഴ്സിചാൻസ്

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്സി വിദ്യാർത്ഥികൾക്കായി (സപ്ലിമെന്ററി) മേഴ്സിചാൻസ് അനുവദിച്ചിരിക്കുന്നു. പരീക്ഷ എഴുതാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ മേയ് 15-ന് മുൻപായി അപേക്ഷ സമർപ്പിക്കണം. മേഴ്സിചാൻസ് അനുവദിക്കപ്പെട്ട വിഷയം, സ്കീം തുടങ്ങിയ വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.ബി.എസ് ഫലം

2017 നവംബറിൽ നടത്തിയ മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് ഒന്ന് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധ നയ്ക്കും പുനർമൂല്യനിർണയത്തിനും മേയ് 18 വരെ അപേക്ഷിക്കാം.

## എം.എസ് ആയുർവ്വേദ ഫലം

ഏപ്രിലിൽ നടത്തിയ അവസാന വർഷ എം.എസ് ആയുർവ്വേദ (ആയുർവ്വേദ വചസ്പതി, ബ്രാഞ്ച് – പ്രസൂതിതന്ത്ര & സ്ത്രീരോഗ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മേയ് 19 വരെ അപേക്ഷിക്കാം.

## എം.ബി.എ ഗ്രൂപ്പ് ഡിസ്ക്കഷൻ, പേഴ്സണൽ ഇൻർവ്യൂ

2018–19 അദ്ധ്യയനവർഷത്തെ എം.ബി.എ അഡ്മിഷനു വേണ്ടിയുള്ള ഗ്രൂപ്പ് ഡിസ്ക്കഷനും പേഴ്സണൽ ഇന്റർവ്യൂവും അടൂർ & ആലപ്പുഴ യു.ഐ.എം കേന്ദ്രമായി ആവശ്യപ്പെട്ടവർക്ക് മേയ് 19–ന് അതത് കേന്ദ്രങ്ങളിൽ വച്ചും തിരുവനന്തപുരം കേന്ദ്രമായി ആവശ്യപ്പെട്ടവർക്ക് കാര്യവട്ടം ഐ.എം.കെ യിൽ മേയ് 21 , 22 തീയതികളിലും നടത്തും.

തിരുവനന്തപുരം.
08.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098